⇨ *പക്ഷെ, ആരൊക്കെ എതിർത്താലും പാലാക്കാർ തങ്ങളുടെ നേതാവിനെ കൈവിട്ടില്ല* ⇨


**ഭാരതീയർക്ക്** ചരിത്രം സംരക്ഷിക്കാൻ അറിയില്ലെന്നും അവർ പൊതുവെ ചരിത്രബോധമില്ലാത്ത ജനതയാണെന്നും ബ്രിട്ടീഷുകാർ അടക്കമുള്ള പാശ്ചാത്യർ പറഞ്ഞത് എത്രമാത്രം ശരിയാണെന്ന് ഓരോ ദിവസം കഴിയുംതോറും തെളിഞ്ഞു തെളിഞ്ഞു വരികയാണ്. ചരിത്രത്തെ അൽപ്പമെങ്കിലും വിലവയ്ക്കുന്ന ഒരു സംസ്കാരം ഇവിടെ നിലനിന്നിരുന്നുവെങ്കിൽ ധനമന്ത്രി കെ.എം. മാണിസാറിന് തന്റെ സ്ഥാനം രാജിവയ്ക്കേണ്ടി വരില്ലായിരുന്നു.

സംസ്ഥാനത്തെ ബാറുകൾക്ക് ലൈസൻസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് എതാനും കോടി രൂപ കൈക്കൂലി വാങ്ങി എന്നും പറഞ്ഞ് എന്തെല്ലാം പുകിലുകളാണ് ഇവിടെ ഉയർത്തിക്കൊണ്ടുവന്നത്? പ്രതിപക്ഷത്ത് നിന്നും മാത്രമല്ല, ഭരണപക്ഷത്ത് നിന്നും അതിന് ചൂട്ടുപിടിക്കാൻ ആളുകളുണ്ടായി. ചരിത്രത്തോട് നീതിപുലർത്തിയ ഒരു ഭരണാധികാരിയോട് ചെയ്ത ഈ അപരാധത്തിന് ഭാവിയിൽ വലിയ വിലകൊടുക്കേണ്ടി വരും എന്നതിൽ ഒരു സംശയവും വേണ്ട. മുന്നിൽ നിന്നും പിന്നിൽ നിന്നും കുത്തേറ്റ് ധീരരക്തസാക്ഷിത്തം വരിച്ച മാണിസാറിന്റെ മഹത്വം ചരിത്രത്തിൽ തങ്കലിപികളിൽ രേഖപ്പെടുത്തുന്ന ഒരു ദിവസം വരുകതന്നെ ചെയ്യും. ചരിത്രപരമായി മൂല്യമുള്ളതെല്ലാം ലോക പൈതൃക പട്ടികയിൽപ്പെടുത്തി സംരക്ഷിക്കുന്ന യുനസ്കൊയെപോലുള്ള പ്രസ്ഥാനങ്ങളുടെ ശ്രദ്ധയിൽ ചരിത്രത്തിനുവേണ്ടി മാണിസാർ നടത്തിയ ത്യാഗം ഇടംപിടിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം. ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ കേരളം സന്ദർശിച്ച വേളയിൽ ഒരാളെ മാത്രമെ മാർപ്പാപ്പ 'സാർ' എന്നു പേരിനോടൊപ്പം ചേർത്ത് വിളിച്ചിട്ടുള്ളൂ. അത് മാണിസാറിനെയായിരുന്നു. (മാണിസാർ സ്വയം 'മാണിസാർ' എന്നുപറയുന്ന ആളാണെന്നും, ആരെക്കണ്ടാലും മാണിസാർ, 'മാണിസാർ എന്താണ് ചെയ്തുതരേണ്ടത്' എന്ന് അങ്ങോട്ട് ചോദിക്കുന്നതാണ് മാണിസാറിന്റെ രീതിയെന്നും അതുപോലെ മാണിസാർ മാർപ്പാപ്പയോടും ചോദിച്ചെന്നും അതൊരു പേരാണെന്ന് തെറ്റിദ്ധരിച്ച് മാർപ്പാപ്പ മാണിസാർ എന്നുവിളിച്ചതാണെന്നും മാണിസാറിന്റെ ശത്രുക്കൾ മാണിസാറിനെതിരെ പറഞ്ഞു നടക്കുന്നുണ്ട്. ശത്രുക്കൾക്ക് എന്താണ് പറയാൻ പാടില്ലാത്തത്?). മാർപ്പാപ്പയടക്കം സാർ എന്ന് അഭിസംബോധന ചെയ്ത മഹാനായ ഭരണകർത്താവിനെതിരെ മാധ്യമങ്ങളടക്കം നിലകൊണ്ടു

# പാലൈ വീണ്ടെടുത്ത മാണിക്കനാർ

മാണിസാറിന് വോട്ടുചെയ്യുന്നതിലൂടെ തങ്ങൾ ചരിത്രദൗത്യമാണ് നിറവേറ്റുന്നതെന്ന കാര്യം പാലാക്കാരനെ ആരും പഠിപ്പിക്കേണ്ടതില്ല. പാലായിൽ ജനിക്കുന്ന ഒരോ കുട്ടിക്കും തങ്ങളുടെ ചരിത്രപരമായ സ്ഥാനവും ഗരിമയും അപ്പനപ്പൂപ്പന്മാർ വിദ്യാഭ്യാസ കാലത്തുതന്നെ ചെവിയിൽ ഓതിക്കൊടുക്കാറുണ്ട്. ആ ചരിത്രമാകട്ടെ സംഘകാലത്തോളം നീളുന്നതുമാണ്.

**എസ്. നാരായണൻ**



100 എ.ഡിയിലെ തമിഴ്നാട്. ടോളമി പറഞ്ഞിട്ടുള്ള ചില നഗരങ്ങൾ

എന്നതിൽ നാം സ്വയം ലജ്ജിക്കുക.

പക്ഷെ, ആരൊക്കെ എതിർത്താലും പാലാക്കാർ തങ്ങളുടെ നേതാവിനെ കൈവിട്ടില്ല. ചരിത്രം തങ്ങളുടെ രക്തത്തിലും മാംസത്തിലും കലർന്നിരിക്കുന്നു എന്ന് അവർ തെളിയിക്കുക തന്നെ ചെയ്തു. തലസ്ഥാനത്ത് നിന്നും രാജിവച്ചുവരുന്ന തങ്ങളുടെ നേതാവിനെ നൂറുകണക്കിന് വാഹനങ്ങളുടെ അകമ്പടിയോടെയാണ് അവർ പാലാ നിയോജകമണ്ഡലത്തിലേക്ക് പറകൊട്ടി ആനയിച്ചത്. അഞ്ചു പതിറ്റാണ്ടോളം മാണിസാറിനെ മാത്രം വരിച്ച ഒരു നിയോജകമണ്ഡലമാണ് പാലാ. അടുത്ത തെരഞ്ഞെടുപ്പിൽ മാണിസാറിനുള്ള ഭൂരിപക്ഷം എന്നത്തേക്കാളും കൂടുതലാക്കുന്നതിനുള്ള ശ്രമങ്ങൾ പാലായിലെ അനുയായികൾ ഇപ്പോഴേ ആരംഭിച്ചുകഴിഞ്ഞു. അഞ്ചു പതിറ്റാണ്ടോളം ഒരേ നേതാവുതന്നെ ഒരു മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെടുക എന്നത് ജനാധിപത്യത്തിലെ പുഴുക്കുത്താണെന്ന തത്പരകക്ഷികളുടെ കുപ്രചരണങ്ങളെ പാലാക്കാർ എന്നും അങ്ങേയറ്റത്തെ പുച്ഛത്തോടെ തള്ളിക്കളഞ്ഞിട്ടേയുള്ളൂ.

മാണിസാറിന് വോട്ടുചെയ്യുന്നതിലൂടെ തങ്ങൾ ചരിത്രദൗത്യമാണ് നിറവേറ്റുന്നതെന്ന കാര്യം പാലാക്കാരനെ ആരും പഠിപ്പിക്കേണ്ടതില്ല.

പാലായിൽ ജനിക്കുന്ന ഒരോ കുട്ടിക്കും തങ്ങളുടെ ചരിത്രപരമായ സ്ഥാനവും ഗരിമയും അപ്പനപ്പൂപ്പന്മാർ വിദ്യാഭ്യാസ കാലത്തുതന്നെ ചെവിയിൽ ഓതിക്കൊടുക്കാറുണ്ട്. ആ ചരിത്രമാകട്ടെ സംഘകാലത്തോളം നീളുന്നതുമാണ്.

ശാസ്ത്രീയമനസ്ഥിതിയോടെ, ചരിത്രപരമായ ഭൂമിശാസ്ത്ര ബോധത്തോടെ ശ്രമിക്കുന്ന ഗവേഷകർക്ക് ദക്ഷിണേന്ത്യൻ ദ്രാവിഡരുടെ യഥാർത്ഥ സാംസ്കാരിക നിലവാരം ഗ്രഹിക്കാനാകുമെന്ന് മേലങ്ങത്ത് നാരായണൻകുട്ടി തന്റെ 'സംഘസാഹിത്യ ചരിത്രം' എന്ന കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കിയ ഗ്രന്ഥത്തിൽ പറയുന്നു. പ്രസിദ്ധ ഗ്രീക്ക് ഭൂമിശാസ്ത്രജ്ഞൻ ക്ലോഡിയസ് ടോളമേയസ് (95–162 എ.ഡി) രചിച്ച ഭൂമിശാസ്ത്രത്തിന് ചില ന്യൂനതകളുണ്ടെങ്കിലും പ്രാചീന ചരിത്ര നിർമ്മിതിക്ക് വളരെ പ്രയോജനകരമാണെന്ന് ചരിത്രകാരന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ടോളമി ഭാരത ഭൂപടത്തിന് നൽകിയിട്ടുള്ള ഔട്ട്ലൈനും അതിലെ നഗരങ്ങൾക്ക് കൊടുത്തിട്ടുള്ള ലാറ്റിറ്റ്യൂഡുകളും കൃത്യമല്ല. എങ്കിലും സംശയരഹിതമായ ചില നഗരങ്ങൾക്ക് ടോളമി കൊടുത്തിട്ടുള്ള ലോഞ്ചിറ്റ്യൂഡുകളെയും ലാറ്റിറ്റ്യൂഡുകളെയും അപേക്ഷിച്ച് മറ്റുള്ളവയുടെ സ്ഥാനങ്ങൾ നിർണ്ണയിക്കാൻ സാധിക്കും. (ഭൂപടം നോക്കുക). അദ്ദേഹത്തിന്റെ ഭൂപടത്തിലെ ദക്ഷിണേന്ത്യയെ സംബന്ധിച്ചുള്ള വിവരണത്തിൽ ചെന്തമിഴ് പദങ്ങളും ഗ്രീക്ക് പദങ്ങളും കൂട്ടിക്കലർത്തിക്കൊണ്ട് പുഴ, നഗരം, മലനാട് തുടങ്ങിയവയ്ക്ക് നൽകുന്ന നാമരൂപങ്ങൾ നമ്മെ വളരെ ക്ലേശിപ്പിക്കുന്നവയാണ്. എങ്കിലും തമിഴക മന്നവൻമാരുടെ പൂർവ്വികരായ ശൂദ്രകാഭീര വർഗ്ഗക്കാർ വിന്ധ്യനു തെക്കുള്ള പ്രദേശങ്ങളിൽ സ്ഥാപിച്ച രാജ്യങ്ങളുടെ രൂപരേഖ നമുക്ക് ലഭിക്കുന്നുണ്ടെന്ന് മേലങ്ങത്ത് തന്റെ ഗ്രന്ഥത്തിൽ പറയുന്നു.

ഈ പുസ്തകത്തിൽ പരാമർശിക്കുന്ന ഐന്തിണൈ (പഞ്ചനിലങ്ങൾ) എന്ന ഭൂവിഭജന ദൃശ്യത്തെപ്പറ്റി പരാമർശിച്ചാലെ നമുക്ക് മാണിസാറും അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലെ പ്രജകളും കഴിഞ്ഞ അഞ്ചുപതിറ്റാണ്ടോളമായി അഭംഗുരം അനുഷ്ഠിച്ചുവരുന്ന ചരിത്രദൗത്യത്തെക്കുറിച്ച് വ്യക്തത ലഭി

ക്കുകയുള്ളൂ. ഭൂപ്രകൃതിയുടെ പ്രത്യേകതയനുസരിച്ചും ഭരണസൗകര്യത്തിന് വേണ്ടിയും രാജ്യത്തെ അഞ്ചു തിണകളായി തിരിച്ചിരുന്നു. അതാണ് ഐന്തിണകൾ. അതിലൊന്നാണ് പാലൈത്തിണ. അതിനെപ്പറ്റിയറിയുന്നതിന് കുറച്ച് ചരിത്രജ്ഞാനം അത്യാവശ്യമാണ്.

ഇന്നത്തെ മധുര-രാമനാഥപുരം-തിരുനെൽവേലി-കന്യാകുമാരി പ്രദേശങ്ങൾ ഉൾപ്പെട്ട പണ്ടത്തെ പാണ്ടിനാട്ടിലാണ് ഐന്തിണൈ ഭൂവിഭജന ദൃശ്യം പൂർണ്ണമായും കണ്ടുവരുന്നത്. ചേരചോളങ്ങളെ അപേക്ഷിച്ച് പാണ്ഡ്യത്തിൽ മലകൾ കൂടുതൽ ഉണ്ടെന്നതാകാം ഇതിന് കാരണം. ഭാരതീയ കാലാവസ്ഥാ നിയമപ്രകാരം ആറ് ഋതുക്കൾ എന്നത് ഉത്തരേന്ത്യൻ ഭൂപ്രകൃതിയെ ബാധിക്കുന്ന കാര്യമാകുന്നു. ദക്ഷിണ ഭാരതത്തിൽ ലക്ഷണാന്വിതമായി നാല് ഋതുക്കൾ മാത്രമെ അനുഭവപ്പെടുന്നുള്ളൂ. ഭൂമിശാസ്ത്രപരമായി പ്രായേണ പാലത്തിണൈക്കാഴ്ച ചേരനാട്ടിൽ കുറവായതുമൂലമായിരിക്കാം പാലൈപാടിയ പെരുങ്കടുങ്കോ എന്ന ചേരമാൻ പെരുമാൾ ദീർഘമായ 35 പാട്ടുകൾ പാലൈത്തിണൈയിൽ (കലിത്തൊകൈ) രചിച്ചത്. കേരളീയ കൃതികളായ ഐങ്കിറുനൂറിൽ പാലത്തിണൈ പശ്ചാത്തലമാക്കി നൂറു ചെറു പ്രേമഗാനങ്ങളുണ്ട്. പതിറ്റുപത്തിലും ചിലപ്പതികാരത്തിലും തകടൂർ യാത്രയിലും പാലത്തിണൈ സംബന്ധിച്ച കാവ്യഭാഗങ്ങൾ ഇല്ലെന്നില്ല. ഐന്തിണകളായ കുറിഞ്ഞി, മുല്ലൈ, പാലൈ, മരുതം, നെയ്തൽ എന്നീ ഭൂഭാഗങ്ങളിൽ ഓരോ നിലത്തിലെയും സാമൂഹ്യാചാരങ്ങൾ, വസ്ത്രധാരണം, ഭക്ഷണം, സംസ്കാരനില, കലാവിഭാഗം, തൊഴിൽ, വ്യാപാരം എന്നിവ ചില സവിശേഷതകളാൽ വിഭിന്നങ്ങളായിരുന്നു.

നമ്മുടെ വിഷയം പാലൈത്തിണ ആയതുകൊണ്ട് മറ്റ് നാല് തിണകളെ ഒന്നു പരാമർശിക്കുക മാത്രമെ ഇവിടെ ചെയ്യുന്നുള്ളൂ. കുറിഞ്ഞിത്തിണൈ എന്നത് മലയും മലയോര പ്രദേശങ്ങളും ചേർന്ന ഭൂപ്രദേശമാണ്. വേടരുടെയും കുറവരുടെയും നിവാസകേന്ദ്രം. വേട്ടയാടലും മലഞ്ചെരുവിലെ കൃഷിയും മൃഗങ്ങളെ കെണിവച്ചു പിടിക്കലും നാടുകാവലും തൊഴിൽ. കുറിഞ്ഞിത്തിണൈക്കാർ സാമാന്യേന വിജ്ഞാന സമ്പാദനത്തിൽ വിമുഖരായിരുന്നു. രണ്ടാമത്തെ തിണയായ മുല്ലത്തിണയുടെ പ്രദേശങ്ങൾ കാടും കാടിനോട് ചേർന്ന പുൽവെളികളുമാണ്. പല കുലക്കാരായ ഇടയർ മുഖ്യ നരവർഗ്ഗം. ആടുമാടുകളെ മേയ്ക്കൽ, കോഴിവളർത്തൽ എന്നിവയാണ് തൊഴിൽ. പുല്ലാങ്കുഴൽ വായിക്കുകയും ആമ്പക്കുഴൽ ഊതുകയും ചെയ്യുക ഇവരുടെ വിനോദത്തിൽപ്പെടുന്നു. മേച്ചിൽ സ്ഥലങ്ങളിലും പുഞ്ചകളിലും പണിചെയ്യുന്ന പുരുഷന്മാർക്ക് ഉച്ചയ്ക്കും ഇടനേരത്തും ഭക്ഷണം കൊണ്ടുപോയിക്കൊടുത്ത് വരുംവഴി സ്ത്രീജനങ്ങൾ ഒത്തുകൂടി ആടുകയും പാടുകയും കന്യകമാർ കാമുകരുമായി പ്രേമവേഴ്ച നടത്തുകയും പതിവുണ്ട്.

നീരൊഴുക്കുള്ള തോടുകളും പാടങ്ങളും പുഴകളും താമരപ്പൊയ്കയും ചേർന്ന സുന്ദരമായ പ്രദേശമാണ് മരുതത്തിണൈയുടേത്. നാഗരികത തികഞ്ഞ ജനത. കൃഷികൾ പുഷ്ടിയായുള്ള സ്ഥലം. സുഖലമ്പടന്മാരായ ജന്മിമാരുടെ കേന്ദ്രം. നെയ്ത്ത്, കരിമ്പ് കൃഷി, പഞ്ചസാരയും വല്ലവും നിർമ്മിക്കൽ എന്നിവ തൊഴിൽ. ജലമാർഗ്ഗവും കരമാർഗ്ഗവും കയറ്റിറക്ക് വ്യവസായം ഉയർന്നതോതിൽ നടത്തുന്നു. സമൃദ്ധിയുടെ ഫലമായി അറിവും കലാബോധവും ഉള്ള ജനത. ഗാനകല, നടനകല, ശില്പകല മുതലായവ ഈ നിലത്തെ പ്രത്യേകതയാകുന്നു. തീരപ്രദേശത്തെ ജനത പാർക്കുന്ന തിണയായ നെയ്തൽത്തിണൈ കടലോരഭൂമിയാണ്. ഓരും പൂഴിയും ആകയാൽ കൃഷികൾ കുറവ്. മീൻപിടുത്തം, മീനെണ്ണകാച്ചിയെടുക്കൽ, മുത്തുവാരൽ, ഉപ്പു കാച്ചൽ, ശംഖെടുക്കൽ എന്നിവ തൊഴിലുകൾ. നാഗരികതയും കലയും വിജ്ഞാനവും കുറവ്.

ഈ നാല് തിണകളിൽ നിന്നും വ്യത്യസ്തമാണ് പാലൈത്തിണ. പ്രാദേശിക വിളവുക

ഈ നാല് തിണകളിൽ നിന്നും വ്യത്യസ്തമാണ് പാലൈത്തിണ. പ്രാദേശിക വിളവുകളൊന്നുമില്ലാത്ത വരണ്ട ഭൂമി. കട്ടപ്പാറകളും പൂഴിയും ചൂട് ചുഴലിക്കാറ്റും. സാഹസികരും യുദ്ധവീരന്മാരുമായ മറവരാണ് ഇവിടുത്തെ നിവാസികൾ. തേവർ എന്നും പറയും. വഴിപ്പോക്കരെ ആക്രമിച്ചും പിടിച്ചുപറിച്ചും തട്ടിപ്പറിച്ചും നാട്ടുപട്ടാളത്തിലും ചാവേർപ്പടയിലും ചേർന്നും മറ്റ് തിണകളിൽ നിന്നും ആടുമാടുകളെ കവർച്ച ചെയ്തും ജീവിക്കുന്നവരാണ്. പഠിപ്പില്ലെങ്കിലും കലാബോധമുള്ളവരാണ്.

ളൊന്നുമില്ലാത്ത വരണ്ട ഭൂമി. കട്ടപ്പാറകളും പൂഴിയും ചൂട് ചുഴലിക്കാറ്റും. സാഹസികരും യുദ്ധവീരന്മാരുമായ മറവരാണ് ഇവിടുത്തെ നിവാസികൾ. തേവർ എന്നും പറയും. വഴിപ്പോക്കരെ ആക്രമിച്ചും പിടിച്ചുപറിച്ചും തട്ടിപ്പറിച്ചും നാട്ടുപട്ടാളത്തിലും ചാവേർപ്പടയിലും ചേർന്നും മറ്റ് തിണകളിൽ നിന്നും ആടുമാടുകളെ കവർച്ച ചെയ്തും ജീവിക്കുന്നവരാണ്. പഠിപ്പില്ലെങ്കിലും കലാബോധമുള്ളവരാണ്. തനതായ വാദ്യങ്ങളും പാട്ടും സമൂഹനൃത്തവുമുണ്ട്. വഴിയാത്രക്കാരെ കൊള്ളയടിക്കുമ്പോൾ പ്രത്യേകതരത്തിലുള്ള വാദ്യമായ പറ കൊട്ടുമായിരുന്നു. (പട്ടത്തെ പ്രശാന്തി നിലയത്തിൽ നിന്ന് മാണിസാറിനെ പാലായിലേക്ക് സ്വീകരിച്ച് ഘോഷയാത്രയായി കൊണ്ടുപോകുമ്പോൾ അത്തരത്തിലുള്ള വാദ്യങ്ങൾ മുഴക്കിയിരുന്നു). മുരിങ്ങ, നെല്ലി, പന

| മുതൽപ്പൊരുൾ | | കരുപ്പൊരുൾ | ഉരിപ്പൊരുൾ |
|---|---|---|---|
| തിണ | (1) സ്ഥലം (2) സമയം | | |
| പാല | 1. മണൽക്കാട് 2. വേനൽക്കാലം പകലിന്റെ മധ്യഭാഗം | 1. കൊറ്റവൈ (കാളി) 2. കൊള്ളയടിച്ച വസ്തുക്കൾ 3. ശക്തിക്ഷയിച്ച ആന, പുലി, ചെന്നായ് 4. പാല, ഇലുപ്പ, കള്ളിമുള്ള് 5. കഴുക്, പരുന്ത് 6. വഴിപോക്കരെ കൊള്ളയടിക്കുമ്പോഴ ടിക്കുന്നപറ 7. തട്ടിപ്പറിക്കൽ 8. രാഗം-പാല 9. എയിനർ എയിറ്റിയർ 10. മീളി, വിടലൈ 11. മരാംപു | പിരിതൽ (വേർപാട്) |

സംഘസാഹിത്യ ചരിത്രം പുസ്തകത്തിൽ നിന്നും.

മുതലായ തണലില്ലാത്ത വൃക്ഷങ്ങൾ; ജലദാരിദ്ര്യം, ദുഷ്ടമൃഗങ്ങളും കുറ്റിക്കാടുകളും മലയിടുക്കുകളും തൊടലിയും കാരയും നിറഞ്ഞ ഭൂമി. (ഇക്കാരണങ്ങളാലാണ് മാണിസാർ ധാരാളം തണൽ മാത്രമല്ല പാലുകൂടിത്തരുന്ന റബ്ബർ മരങ്ങളെ പ്രോത്സാഹിപ്പിച്ചത്. മുറിവുണ്ടാക്കുന്നിടത്ത് നിന്നെല്ലാം പാലുചുരത്തിത്തരുന്ന റബ്ബർ മരങ്ങളിൽ നിന്നാണ് അദ്ദേഹത്തിന് പാർട്ടി പിളരുമ്പോഴെല്ലാം വളരുകയാണ് ചെയ്യുന്നതെന്ന സത്യദർശനം ലഭിച്ചത്. കാടുകയറിയവർക്കൊക്കെ പട്ടയമനുവദിച്ചത് മലയിടുക്കുകൾ ഒഴിവാക്കാൻ വേണ്ടിത്തന്നെയായിരുന്നു). യുദ്ധദേവതയായ വനദുർഗ്ഗയാണ് തിണദേവത. ബലികർമ്മവും നേർച്ചയാണ്. (അതുകൊണ്ടുകൂടിയാണ് മാണിസാർ സ്വയം ബലിയാടായപ്പോൾ അദ്ദേഹത്തിനൊപ്പം ചീഫ് വിപ്പ് സ്ഥാനം ബലി നൽകി ഐക്യപ്പെടാൻ തോമസ് ഉണ്ണിയാടൻ തയ്യാറായത്).

പുസ്തകത്തെ വിട്ട് മാണിസാറിലേക്ക് വരാം. ചരിത്രത്തിന്റെ ഉറച്ച പിൻബലത്തോടെയാണ് അദ്ദേഹത്തിന്റെ ഓരോ ചലനങ്ങളുമെന്ന് ഇതിനകം വ്യക്തമായിരിക്കുമല്ലോ. ചരിത്രത്തിൽ ഇത്രയും ആരുറപ്പുള്ള മാണിസാറിനെയാണ് ചരിത്രവും ഭൂമിശാസ്ത്രവുമറിയാത്ത പ്രതിപക്ഷങ്ങളും മാദ്ധ്യമങ്ങളും ചാനൽ ചർച്ചക്കാരും നിർദ്ദയം വേട്ടയാടുന്നത്. അദ്ദേഹത്തിന് ഈ കീടങ്ങളുടെയൊന്നും പിന്തുണ ആവശ്യമില്ല. ചരിത്രം അദ്ദേഹത്തിനൊപ്പമാണ്. കർത്താവീശോമിശിഹാ അദ്ദേഹത്തിനൊപ്പമാണ്. മെത്രാന്മാരും ബിഷപ്പുമാരും അദ്ദേഹത്തിനൊപ്പമാണ്. 'ഇവിടെ നടക്കുന്ന ബഹളം കേട്ടാൽ ഇവന്മാരൊക്കെ സ്വന്തം കുടുംബത്തിലെ കാശെടുത്താണ് രാഷ്ട്രീയ പ്രവർത്തനം നടത്തുന്നതെന്ന് തോന്നും' എന്നുപറഞ്ഞുകൊണ്ട് മൈക്രോഫിനാൻസ് ഫെയിം വെള്ളാപ്പിള്ളി നടേശനും മാണിസാറിനൊപ്പമാണ്. മാണിസാർ രാജിവയ്ക്കേണ്ട കാര്യമൊന്നുമില്ലെന്ന് എല്ലാ ശാസ്ത്രങ്ങളും എല്ലാ ധർമ്മങ്ങളും അറിയുന്ന ഹൈമവത മന്നവനും വയനാട്ടുകുലവനുമായ എം.പി. വീരേന്ദ്രകുമാറും രാജിക്ക് മുമ്പേ തന്നെ അഭിപ്രായപ്പെട്ട് മാണിസാറിനൊപ്പം നിന്നു. മാണിസാർ ഒരു തെറ്റും ചെയ്തിട്ടില്ലെന്ന് ഉമ്മത്ത് ചാണ്ടിയാർ പറഞ്ഞത് അദ്ദേഹത്തിന് സംഘകാല ചരിത്രം ശരിക്കും അറിയുന്നതുകൊണ്ടാണ്. (പാലൈത്തിണയിലെ മാണിക്കനാർക്ക് കഞ്ഞിവെക്കുന്നയാളാണ് ഉമ്മത്ത് ചാണ്ടിയാർ. മാണിക്കനാരുടെ സേവനം ഭൂമണ്ഡലത്തിൽ ഒതുങ്ങുന്നതാണെങ്കിൽ ചാണ്ടിയാരുടേത് സൗരമണ്ഡലം വരെ വ്യാപ്തിയുള്ളതാണ്. സോളാർ സിസ്റ്റത്തിലേക്ക് വരെ അത് പരന്നു കിടക്കുന്നു. കഞ്ഞിവയ്ക്കാനുപയോഗിച്ച് ഉടഞ്ഞുപോയ പല കലങ്ങളുടെയും മൺചീളുകളും കൽപ്പൊട്ടുകളും ഈയിടെ നടന്ന ചില ഉത്ഖനനങ്ങളിൽ നിന്ന് കണ്ടുകിട്ടിയിട്ടുണ്ട്. അതിന്റെ നഷ്ടപ്പെട്ടുപോയ ചില പാളികൾക്ക് വേണ്ടി തമിഴകനഗരമായ കോയമ്പത്തൂരിലേക്ക് നിയമപാലകരും മാദ്ധ്യമ പ്രതിനിധികളും വിശകലന വിദഗ്ധരും ചേർന്ന് നടത്തിയ ചരിത്രപരമായ മഹാപ്രയാണത്തെപ്പറ്റി അറിയാത്ത മ



ലയാളികളില്ല. കഞ്ഞിവയ്ക്കുന്നതിൽ കമ്പമുള്ളതുകൊണ്ട് നീതിന്യായസഭകളിലും ന്യായാധിപന്മാർക്കിടയിലും ഇദ്ദേഹം സീസർ എന്ന് വിളികൊണ്ടിരുന്നു. സ്ത്രീജനങ്ങൾ കാമുകരുമായി പ്രേമവാഴ്ച നടത്തുന്ന പതിവുണ്ടെന്ന് മുല്ലെത്തിണയെപ്പറ്റി പരാമർശിച്ചപ്പോൾ വായിക്കുകയുണ്ടായല്ലോ. അത്തരം സന്ദർഭങ്ങൾ ആലേഖനം ചെയ്ത ചില കൽപ്പാളികൾ കോയമ്പത്തൂരിലുണ്ടെന്ന് അറിവുകിട്ടിയതിനെത്തുടർന്ന് നടത്തിയ പര്യവേഷണം വിഫലമാവുകയാണുണ്ടായത്. 'ദൈവമേ, അതു കണ്ടെടുത്ത് ഈ നാടിന്റെ മാനം കളയരുതേ' എന്ന് പ്രതിപക്ഷ നേതാവടക്കമുള്ളവർ നടത്തിയ പ്രാർത്ഥന ഫലിച്ചതുകൊണ്ടാണ് അത് കണ്ടെത്താനാകാഞ്ഞത് എന്ന് പലർക്കും അഭിപ്രായമുണ്ട്. ഉമ്മത്ത് ചാണ്ടിയാർ മുല്ലെത്തിണയിലാണോ പാലൈത്തിണയിലാണോ പെടുക എന്ന കാര്യം ചരിത്രകാരന്മാർക്കിടയിലെ തർക്കവിഷയമാണ്. ചാണ്ടിയാരുടെ ചരിത്രത്തിലേക്കുള്ള സംഭാവനകളെപ്പറ്റി അനേകം ഗവേഷണങ്ങൾ നടന്നുവരുന്നു). സത്യത്തിന്റെ ഭാഗത്ത് എന്നും ഒരുപിടി ആളുകളേ ഉണ്ടായിട്ടുള്ളൂ എന്നതും ഒരു ചരിത്രസത്യമാണല്ലോ.

തട്ടിപ്പറിയെന്നും കവർച്ചയെന്നും അപഹസിക്കപ്പെട്ട് അധീശ വിഭാഗക്കാരാൽ പാർശ്വവത്കരിക്കപ്പെട്ട് കിടന്നിരുന്ന തസ്കരകലയെ ആധുനിക ജ്ഞാന മാർഗ്ഗങ്ങളിലൂടെ പരിഷ്കരിച്ച മാണിസാർ യഥാർത്ഥത്തിൽ കവർച്ചയെ അക്രമരഹിതമാർഗ്ഗത്തിലേക്ക് കൊണ്ടുവരുകയാണ് ചെയ്തത്. കാറൽ മാർക്സിന്റെ തത്വശാസ്ത്രത്തെ വെല്ലുവിളിച്ച് സ്വന്തമായി രൂപപ്പെടുത്തിയ സാമ്പത്തികാപഗ്രഥന പദ്ധതിയായ 'അദ്ധ്വാനവർഗ്ഗ സിദ്ധാന്തം' ഉപയോഗിച്ച്, കമ്മ്യൂണിസ്റ്റ് നുകത്തിന് കീഴിൽ അമർന്നുകിടന്നിരുന്ന സോവിയറ്റ് റഷ്യയിലെ ജനതയെ അതിൽ നിന്ന് രക്ഷിച്ചെടുക്കാനുള്ള രക്തരഹിത വിപ്ലവത്തിന് ബീജാവാപം നടത്തിയ ലോക ചിന്തകരിൽ ഒരാൾ മാണിസാർ ആയിരുന്നു. നോട്ടെണ്ണുന്ന മെഷീൻ വീട്ടിൽ ഏർപ്പെടുത്തുക വഴി അദ്ദേഹം കവർച്ചയ്ക്ക് ആധുനികമുഖം നൽകുകയായിരുന്നു, യന്ത്രവത്കൃതമാക്കുകയായിരുന്നു. ഭാര്യ കുട്ടിയമ്മയ്ക്ക് വരെ ഇടപെടാവുന്ന തരത്തിൽ അദ്ദേഹം അതിനെ സ്ത്രീശാക്തീകരണത്തിന്റെ തലത്തിലേക്ക് വരെ ഉയർത്തുകയുണ്ടായി. ഇത്തരം കാര്യങ്ങളിൽ അദ്ദേഹം കത്തി, കഠാര, വടിവാൾ, ഇടിക്കട്ട, ബ്ലേഡ് എന്നീ ആയുധങ്ങൾ ഉപയോഗിച്ചിരുന്നതായി ശത്രുക്കൾ പോലും പറഞ്ഞിട്ടില്ല. അദ്ദേഹം അതിലെല്ലാം ഗാന്ധിമാർഗ്ഗമാണ് അവലംബിച്ചിരുന്നത്. താമസിക്കാൻ തെരഞ്ഞെടുത്ത മന്ത്രിമന്ദിരത്തിന്റെ പേര് പ്രശാന്തി നിലയം എന്നായിരുന്നു എന്നതുതന്നെ ആ ശാന്ത മനസ്ഥിതിയെ വെളിവാക്കുന്നു. മാണിസാറിന്റെ ഖദർ വസ്ത്രത്തിന്റെ വെണ്മ ഉജാല പിഴിഞ്ഞുണ്ടാക്കിയത് മാത്രമാണെന്ന് പലർക്കും തെറ്റിദ്ധാരണയുണ്ട്. അദ്ദേഹത്തിന്റെ മനസ്സിന്റെ വെണ്മ കൂടി അതിന്റെ തിളക്കത്തിലുണ്ടെന്ന് അറിഞ്ഞവർ വളരെ ചുരുക്കമാണ്. അദ്ദേഹം ഒ

രിക്കൽപ്പോലും മുണ്ടുമാടിക്കുത്തി തലേക്കെട്ടും 'എസ്' കത്തിയുമായി രാത്രിയുടെ ഇരുണ്ട യാമങ്ങളിൽ ഊടുവഴികളിൽ നിന്ന് തട്ടിപ്പറി നടത്തിയിട്ടില്ല. സംഘകാലത്തെപ്പോലെ കയ്യാകളിയിലൂടെയല്ല തട്ടിപ്പറി നടത്തിയിരുന്നത് എന്നതിന് ജീവിച്ചിരിക്കുന്ന തെളിവാണ് 45 ഡിഗ്രിയിൽ കൂടുതൽ കൈകൾ ഉയർത്താൻ കഴിയാത്തയാളെ അദ്ദേഹം തന്റെ പാർട്ടിയിൽ നിന്ന് മന്ത്രിസഭയിൽ ഉൾപ്പെടുത്തിയത്. സ്വർണ്ണക്കടക്കാരിൽ നിന്നും ബേക്കറിക്കാരിൽ നിന്നും എന്തിന് നെല്ലുകുത്ത് കമ്പനിക്കാരിൽ നിന്നുവരെ, നികുതിയിളവ് തരാമെന്നുപറഞ്ഞ് ബജറ്റ് അവതരണത്തിന് മുമ്പ് പിരിവു നടത്തിയിട്ടുണ്ടെന്ന് ആരോപിക്കുന്നവർ അദ്ദേഹം ഏറ്റെടുത്തിട്ടുള്ള ചരിത്രദൗത്യം എന്താണെന്ന് അറിഞ്ഞവരല്ല. ചില ബാറുകൾ പൂട്ടിക്കാമെന്നും ചില ബാറുകൾ തുറപ്പിക്കാമെന്നും പറഞ്ഞ് കരിങ്കോഴയ്ക്കൽ മാണി തങ്ങളിൽ നിന്നും കോഴ വാങ്ങിയെന്നാണ് ബാറുടമകൾ ആരോപിക്കുന്നത്. ചില ബാറുകൾ പൂട്ടിയാൽ ആ കച്ചവടം മറ്റു ബാറുകൾക്ക് ലഭിക്കുമെന്ന് പറഞ്ഞായിരുന്നു ഈ ഇരട്ടക്കോഴ വാങ്ങിയിരുന്നത്. പൂട്ടുന്നതും തുറക്കുന്നതും ഒരുപോലെ സാമ്പത്തികാഭിവൃദ്ധിയുണ്ടാക്കുന്ന ഈ സിദ്ധാന്തം ലോകസാമ്പത്തിക പഠന മേഖലയ്ക്ക് തന്നെ ഒരു മുതൽക്കൂട്ടാണെന്ന് വിലയിരുത്തപ്പെടുന്നു. പാലാ മണ്ഡലത്തിൽ കോഴ എന്ന സ്ഥലമുണ്ടെന്നറിഞ്ഞ് അതിന്റെ സംഘകാല ബന്ധം അന്വേഷിക്കാനായി ചില സ്ഥലനാമ ചരിത്രകാരന്മാർ ഈയിടെ പാലായിലേക്ക് പോയിട്ടുണ്ടെന്ന് സ്ഥിരീകരിക്കാത്ത റിപ്പോർട്ടുകളുണ്ട്. ചരിത്രകുതുകികൾക്ക് അല്പമെങ്കിലും ആശ്വാസം ലഭിക്കുന്നതാണ് ഈ വിവരം.

ഇതൊന്നും പോരാതെ മാണിസാറിനെ നുണ പരിശോധനയ്ക്ക് വിധേയമാക്കണമെന്നുവരെ ചില വിവരദോഷികൾ ആവശ്യപ്പെടുകയുണ്ടായി. പോളിഗ്രാഫ് ടെസ്റ്റ്, ബ്രെയിൻ ഫിംഗർ പ്രിന്റിംഗ്, നാർക്കോ അനാലിസിസ് എന്നിങ്ങനെയുള്ള പരിശോധനകളിലൂടെ മാണിസാറിനെ കടത്തിവിടണം പോലും! നുണ പറയുമ്പോൾ ശ്വാസോച്ഛ്വാസം, നാടിമിടിപ്പ്, ടെമ്പറേച്ചർ, പ്രഷർ എന്നിവയിലുണ്ടാകുന്ന മാറ്റങ്ങൾ മനസ്സിലാക്കിയും പ്രത്യേക മരുന്ന് കുത്തിവച്ച് മയക്കിയ ശേഷം ചോദ്യങ്ങൾക്ക് ലഭിക്കുന്ന ഉത്തരങ്ങളിൽ നിന്നും അനസ്തേഷ്യസ്റ്റിന്റെയും സൈക്കോ അനലിസ്റ്റിന്റെയുമൊക്കെ സഹായത്തോടെ മാണിസാർ കൈക്കൂലി വാങ്ങിയിട്ടുണ്ടോ എന്ന് അറിയാനാകുമെന്നുമാണ് ഇക്കൂട്ടരുടെ വിചാരം. ബാംഗ്ലൂരിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് ആന്റ് സയൻസസിൽ (നിംഹാൻസ്) ഇതൊക്കെ നടത്തിത്തരും പോലും... അതിനു നിന്നുതരാൻ മാണിസാറിന്റെ പട്ടിവരും.

കിട്ടിയ സന്ദർഭമുപയോഗിച്ച് നിയമവിദഗ്ധരുടെ ഒരു സംഘം തന്നെ മാണിസാറിനെതിരെ പടനയിക്കുകയുണ്ടായി. ഒരു കേസിൽ നാൽപ്പത് ശതമാനം തെളിവുണ്ടെങ്കിൽ കുറ്റപത്രം നൽകണമെന്ന് സുപ്രീംകോടതി നിർദ്ദേശമുണ്ടെന്നാണ് അവർ പറയുന്നത്. മാണിസാറിനെതിരെ 60 ശതമാനം തെളിവ് കിട്ടിയിട്ടുണ്ടെന്ന് എസ്.പി ആർ. സുകേശൻ പറഞ്ഞിട്ടുള്ള സാഹചര്യത്തിൽ തുടർനടപടികൾ വേണമെന്നാണ് നിയമപണ്ഡിതർ ശഠിക്കുന്നത്. ലോകായുക്തയും അദ്ദേഹത്തിനെതിരെ രംഗത്തുണ്ട്.

ബാംഗ്ലൂരിലെ നിംഹാൻസിനായാലും ലോകായുക്തക്കായാലും വിജിലൻസിനോ, സി.ബി.ഐക്കോ, സുപ്രീംകോടതിക്കോ ആയാലും പാലായുടെ ചരിത്രവുമായി ഇവയ്ക്കൊക്കെ എന്തു ബന്ധമുണ്ട് എന്ന് ആരും ആലോചിക്കുന്നില്ല. എന്തിനധികം പറയുന്നു, തമിഴ്നാട്ടിലെ ജയലളിതയുടെ തെരഞ്ഞെടുപ്പ് ചിഹ്നമായ രണ്ടില തന്നെ എങ്ങനെ പാലാ മണ്ഡലത്തിലും എത്തി എന്ന ലളിതമായ ആലോചനപോലും ആരും നടത്തുന്നില്ല. ആ രണ്ടിലക്കാരിയേയും നമ്മുടെ കപടലോകം പണാപഹരണത്തിന്റെ പേരിൽ ജയിലിലടച്ചു. മാണിസാറുമായും പാലൈത്തിണയുമായും ബന്ധപ്പെട്ട എല്ലാ വിഷയവും നിയമവ്യവസ്ഥയ്ക്കോ ഭരണഘടനയ്ക്കോ ശാസ്ത്രീയ നിരീക്ഷണങ്ങൾക്കോ സാമാന്യയുക്തിക്കോ മുകളിൽ നിൽക്കുന്നതാണ്. എം.ജി.എസ് നാരായണനേയോ രാജൻ ഗുരുക്കളേയോ റോമിലാ ഥാപ്പറിനേയോ കെ.എൻ. പണിക്കരേയോ പോലെയുള്ള ചരിത്രകാരന്മാരെയാണ് മാണിസാറിന്റെ കേസ് ഏൽപ്പിക്കേണ്ടതെന്ന വിവേകം ആരിൽ നിന്നും ഉണ്ടാകുന്നില്ല എന്നിടത്താണ് ഭാരതീയർ പ്രത്യേകിച്ച് കേരളീയർ ചരിത്രബോധമില്ലാത്ത ജനതയാണെന്ന പാശ്ചാത്യരുടെ ആരോപണത്തെപ്പറ്റി ആഴത്തിൽ അന്വേഷിക്കേണ്ടി വരുന്നത്.

**റഫറൻസ്:**

1. സംഘസാഹിത്യ ചരിത്രം, നാരായണൻകുട്ടി മേലങ്ങത്ത്
2. തൊൽക്കാപ്പിയം
3. പതിറ്റുപത്ത്
4. മണിമേഘല, ചീത്തലൈ ചാത്തനാർ
5. ഗൃഹാചാര നിബന്ധന (പരഹിതകരണം)
6. കേരളോൽപ്പത്തി ■